# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.613.  24.05.2017 ൽ മറുപടിയ്ക്ക്

### ആയുർവേദ ചികിത്സാ രംഗത്ത് ഗവേഷണ കേന്ദ്രം

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.ബാബു | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആയുർവ്വേദ ചികിത്സാ രംഗത്ത് ആധുനിക ശാസ്ത്ര സങ്കേതങ്ങൾ ഉപയോഗിച്ച് വിപുലമായ ഗവേഷണങ്ങൾ നടത്തുന്നതിന് ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രാരംഭ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2016-17-ലെ ബജറ്റിൽ ഈ പദ്ധതിയ്ക്കുവേണ്ടി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച 20 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ നാഷണൽ ആയുഷ് മിഷന് കൈമാറിയിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി മൂലധന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | വിവിധ ശാഖകളെ സമന്വയിപ്പിച്ചുകൊണ്ട് ആരോഗ്യ മേഖലയ്ക്ക് സമഗ്ര സംഭാവനകൾ നൽകാൻ കഴിയുന്ന ഒരു ബൃഹത് സ്ഥാപനമായി പ്രസ്തുത ഗവേഷണ കേന്ദ്രത്തെ മാറ്റുവാൻ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; | (സി) യും (ഡി) യും | ആയുർവേദത്തെ തെളിവധിഷ്ഠിതമായും ശാസ്ത്രീയമായും വികസിപ്പിക്കുന്നതിനും മരുന്നുകൾ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനും, ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കും വേണ്ടി വിവിധ ശാഖകളെ സമന്വയിപ്പിച്ചുകൊണ്ട് ആരോഗ്യ മേഖലയ്ക്ക് സമഗ്ര സംഭാവനകൾ നൽകാൻ കഴിയുന്ന ഒരു ബൃഹത് സ്ഥാപനമായി പ്രസ്തുത ഗവേഷണ കേന്ദ്രത്തെ മാറ്റുവാൻ വിവിധ |
| (ഡി) | ഇതിന്റെ കീഴിൽ ആയുർവ്വേദ | | |

| | | | |
|---|---|---|---|
| | വിജ്ഞാന കേന്ദ്രം, ആയുർവേദ മ്യൂസിയം, വിപുലമായ ഔഷധ ഉദ്യാനം എന്നിവ സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ? | | പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു.<br>ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശ്രീ.കേശവേന്ദ്രകുമാർ, ഐ.എ.എസ്., അദ്ധ്യക്ഷനായുള്ള 11 അംഗ വിദഗ്ധ സമിതിയെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രസ്തുത സമിതി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ധരെ പങ്കെടുപ്പിച്ച് മാർച്ച് മാസത്തിൽ ഒരു ശില്പശാല സംഘടിപ്പിച്ചു. ഈ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. വിജ്ഞാനകേന്ദ്രം, ആയുർവേദ മ്യൂസിയം, ഔഷധ ഉദ്യാനം എന്നിവയും ഇതിന്റെ ഭാഗമായി സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നു. വിശദമായ പ്രൊജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ